**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 290** **29-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റേഷൻ കാർഡുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര റേഷൻ കാർഡുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ എത്ര കാർഡുകൾ പി. വി. സി. കാർഡുകളാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 94,21,550 റേഷൻ കാർഡുകളാണുള്ളത്. 02.11.2021 മുതൽ പ്രാബല്യത്തിൽ വന്ന പി.വി.സി റേഷൻ കാർഡ് സംവിധാനം നിലവിൽ 30,97,020 കാർഡുടമകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എല്ലാ റേഷൻ കാർഡുടമകളും നിർബന്ധമായും പി.വി.സി രൂപത്തിലുള്ള റേഷൻ കാർഡ് എടുക്കണം എന്ന് നിബന്ധനയില്ല. ആവശ്യമുള്ള ഉപഭോക്താക്കൾക്ക് അംഗീകൃത അക്ഷയ കേന്ദ്രം വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ടി റേഷൻ കാർഡ് പി.ഡി.എഫ് ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്ത് എ.ടി.എം കാർഡിന്റെ വലിപ്പത്തിൽ പി.വി.സി മെറ്റീരിയലിൽ പ്രിന്റെടുത്ത് ഉപയോഗിക്കാവുന്നതാണ്. |
| (ബി) | സ്മാർട്ട് കാർഡ് എന്ന ലക്ഷ്യം പൂർത്തികരിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വിശദമാക്കാമോ; എന്താണ് സ്മാർട്ട് കാർഡ്കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് റേഷൻ കാർഡ് സംവിധാനം നടപ്പാക്കുന്നത് നിലവിൽ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ